28.04.24 ഓം ശാന്തി അവ്യക്തബാപ്ദാദ മധുബൻ 23-10-99

# സമയത്തിന്റെ വിളി - ദാതാവാകൂ

ഇന്ന് സർവ്വ ശ്രേഷ്ഠ ഭാഗ്യവിധാതാവ്, സർവ്വ ശക്തികളുടെയും ദാതാവ് ബാപ്ദാദ നാലു വശത്തുമുള്ള സർവ്വ കുട്ടികളെയും കണ്ട് ഹർഷിതനാകുകയാണ്. മധുബനിൽ മുന്നിലിരിക്കുകയാണെങ്കിലും, ദേശ വിദേശത്ത് ഓർമ്മയിൽ കേൾക്കുകയാണ്, കാണുകയാണ്, എവിടെയിരിക്കുകയാണെങ്കിലും ഹൃദയം കൊണ്ട് മുന്നിലാണ്. എല്ലാ കുട്ടികളെയും കണ്ട് ബാപ്ദാദ ഹർഷിതനാകുകയാണ്. താങ്കൾ എല്ലാവരും ഹർഷിതരാകുകയല്ലെ! കുട്ടികളും ഹർഷിതർ ബാബയും ഹർഷിതൻ. ഈ ഹൃദയത്തിന്റെ സദാ കാലത്തെ സത്യമായ സന്തോഷം മുഴുവൻ ലോകത്തിന്റെയും ദുഃഖം ദൂരെയാക്കുന്നതാണ്. ഈ ഹൃദയത്തിന്റെ സന്തോഷം ആത്മാക്കൾക്ക് ബാബയുടെ അനുഭവം ചെയ്യിപ്പിക്കുന്നതാണ് എന്തുകൊണ്ടെന്നാൽ ബാബയും സദാ സർവ്വാത്മാക്കളെ പ്രതി സേവാധാരിയാണ്, താങ്കൾ എല്ലാ കുട്ടികളും ബാബയൊടൊപ്പം സേവാ പങ്കാളികളാണ്. പങ്കാളികളല്ലേ! ബാബയുടെ പങ്കാളിയും വിശ്വത്തിന്റെ ദുഃഖം പരിവർത്തനപ്പെടുത്തി സദാ സന്തോഷമായിരിക്കുന്നതിന്റെ മാർഗ്ഗം നൽകുന്ന സേവനത്തിൽ സദാ ഉപസ്ഥിതരായിരിക്കുന്നു. സദാ സേവാധാരിയാണ്. സേവനം നാലു മണിക്കൂർ ആറു മണിക്കൂർ ചെയ്യുന്നവരല്ല. ഓരോ സെക്കൻഡും സേവനത്തിന്റെ സ്റ്റേജിൽ പാർട്ടഭിനയിക്കുന്ന പരമാത്മപങ്കാളിയാണ്. ഓർമ്മ നിരന്തരമാണ് ഇങ്ങനെ സേവനത്തിലും നിരന്തരമാണ്. സ്വയം നിരന്തര സേവാധാരിയെന്ന് അനുഭവപ്പെടുന്നോ? അതോ 8-10 മണിക്കൂറിന്റെ സേവാധാരിയാണോ? ഈ ബ്രാഹ്മണ ജന്മം തന്നെ ഓർമ്മയ്ക്കും സേവനത്തിനും ആണ്. മറ്റെന്തെങ്കിലും ചെയ്യണമോ? ഇത് തന്നെയല്ലേ! ഓരോ ശ്വാസവും, ഓരോ സെക്കന്റും, ഓർമ്മയും സേവനവും ഒപ്പമൊപ്പമാണോ അതോ സേവനത്തിന്റെ മണിക്കൂറുകൾ വേറെ ഓർമ്മയുടെ വേറെയാണോ? അല്ലല്ലോ! ശരി, ബാലൻസുണ്ടോ? നൂറു ശതമാനം സേവാനമാണെങ്കിൽ നൂറു ശതമാനം ഓർമ്മയുണ്ടോ? രണ്ടിന്റെയും ബാലൻസുണ്ടോ? വ്യത്യാസം വരുന്നുണ്ടല്ലോ? കർമ്മയോഗിയുടെ അർത്ഥം തന്നെ കർമ്മവും യോഗവും, സേവനവും ഓർമ്മയും - രണ്ടിന്റെയും ബാലൻസ് തുല്യം, സമാനമായിരിക്കണം. ഇങ്ങനെയല്ല, ചില സമയം ഓർമ്മ കൂടുതലാണ്, സേവനം കുറവും, അല്ലെങ്കിൽ സേവനം കൂടുതലും ഓർമ്മ കുറവും. ഏതുപോലെ ആത്മാവും ശരീരവും എപ്പോൾ വരെ സ്റ്റേജിലുണ്ടോ ഒപ്പമൊപ്പമല്ലെ. വേറെയാകാൻ സാധിക്കുമോ? ഇങ്ങനെ ഓർമ്മയും സേവനവും ഒപ്പമൊപ്പം വേണം. ഓർമ്മ അർത്ഥം ബാബയ്ക്ക് സമാനം, സ്വമാനത്തിന്റെയും ഓർമ്മ. എപ്പോൾ ബാബയുടെ ഓർമ്മയുണ്ടാകുന്നോ അപ്പോൾ സ്വതവേ: സ്വമാനവും ഓർമ്മയുണ്ടാകും. സ്വമാനത്തിലിരിക്കുന്നില്ലെങ്കിൽ ഓർമ്മയും പവർഫുൾ ആകില്ല.

സ്വമാനം അർത്ഥം ബാബയ്ക്ക് സമാനം. സമ്പൂർണ്ണ സ്വമാനം തന്നെയാണ് ബാബയ്ക്ക് സമാനം. ഇങ്ങനെ ഓർമ്മയിലിരിക്കുന്ന കുട്ടികൾ സദാ ദാതാവായിരിക്കും. എടുക്കുന്നവരല്ല, ദേവത അർത്ഥം കൊടുക്കുന്നവർ. അപ്പോൾ ഇന്ന് ബാപ്ദാദ എല്ലാ കുട്ടികളുടെയും ദാതാവിന്റെ സ്റ്റേജ് ചെക്ക് ചെയ്യുകയായിരുന്നു എവിടം വരെ ദാതാവിന്റെ കുട്ടികൾ ദാതാവായീ? ഏതു പോലെ ബാബയ്ക്ക് എടുക്കണം എന്ന സങ്കൽപ്പം ഉണ്ടാകുന്നില്ല, കൊടുക്കണം എന്നേയുള്ളൂ. പഴയതെല്ലാം നൽകൂ എന്ന് പറയുന്നുണ്ടെങ്കിലും പഴയതിന് പകരം പുതിയത് നൽകുന്നു. എടുക്കുക എന്നാൽ ബാബയുടെ നൽകലാണ്. അപ്പോൾ വർത്തമാന സമയം ബാപ്ദാദയ്ക്കു കുട്ടികളുടെ ഒരു ടോപ്പിക്ക് വളരെ ഇഷ്ടപ്പെട്ടു. ഏതു ടോപിക്കാണ്? വിദേശത്തെ ടോപ്പിക്കാണ്. ഏതാണ്? കാൾ ഓഫ് ടൈം (സമയത്തിന്റെ വിളി)

ബാപ്ദാദ നോക്കുകയായിരുന്നു കുട്ടികൾക്കായി സമയത്തിന്റെ വിളി എന്താണ്! താങ്കൾ കാണുന്നുണ്ട് വിശ്വത്തിനായി, സേവനത്തിനായി, ബാപ്ദാദ സേവനത്തിന്റെ പങ്കാളി തന്നെയാണ്. എന്നാലും ബാപ്ദാദ നോക്കുകയായിരുന്നു കുട്ടികൾക്കായി ഇപ്പൊൾ സമയത്തിന്റെ വിളി എന്താണ്? താങ്കൾക്കറിയില്ലേ സമയത്തിന്റെ വിളിയെന്തെന്ന്? സ്വയം തനിക്ക് വേണ്ടി ചിന്തിക്കൂ. സേവനത്തിനായി പ്രഭാഷണം ചെയ്തു, ഇപ്പോഴും ചെയ്യുന്നു. എന്നാൽ തനിക്കായി സ്വയം തന്നോട് ചോദിക്കൂ നമുക്കായി സമയത്തിന്റെ വിളിയെന്താണ്? ഇപ്പോഴത്തെ സമയത്തിന്റെ വിളിയെന്താണ്? ബാപ്ദാദ നോക്കുകയായിരുന്നു ഇപ്പോഴത്തെ സമയമനുസരിച്ച് എല്ലാ സമയവും, ഓരോ കുട്ടിയും ദാതാസ്ഥിതിയുടെ സ്മൃതി ഒന്നുകൂടി വർദ്ധിപ്പിക്കണം. സ്വ ഉന്നതിയ്ക്കയാലും ദാതാവ് എന്ന ഭാവം, സർവ്വരെ പ്രതിയായാലും സ്നേഹം ഇമർജ് രൂപത്തിൽ കാണപ്പെടുണം. ആരെങ്ങനെയായലും, എന്തായാലും, എനിക്ക് നൽകുക തന്നെ വേണം. ദാതാവ് സദാ പരിധിയില്ലാത്ത വിരക്ത വൃത്തിയുള്ളവരായിരിക്കും, പരിധിയില്ല, സദാ ദാതാ സമ്പന്നവും നിറഞ്ഞും ഇരിക്കും. ദാതാവ് സദാ ക്ഷമയുടെ മാസ്റ്റർ സാഗരമായിരിക്കും. ഈ കാരണത്താൽ പരിധിയുള്ള തന്റെ സംസ്കാരമോ മറ്റുള്ളവരുടെ സംസ്കാരമോ ഇമർജ് ആകുന്നില്ല, മർജ് ആയിരിക്കും. എനിക്ക് നൽകുക

തന്നെ വേണം. ആരു കൊടുക്കുന്നൊ ഇല്ലയോ എനിക്ക് കൊടുക്കണം. ഏതെങ്കിലും സംസ്കാരത്തിന് വശപ്പെട്ട പരവശ ആത്മാവായാലും, ആ ആത്മാവിനും എനിക്ക് സഹയോഗം നൽകണം. ആരുടേയും പരിധിയുള്ള സംസ്കാരം താങ്കളെ പ്രഭാവിതരാക്കരുത്. മറ്റുള്ളവർ ബഹുമാനിച്ചാലും ഇല്ലെങ്കിലും, അവർ തന്നില്ലെങ്കിലും എനിക്ക് കൊടുക്കണം. ഇങ്ങനെ ദാതാസ്ഥിതി ഇമർജ് വേണം. മനസ്സിൽ ഭാവനയൊക്കെയുണ്ട് പക്ഷേ.... പക്ഷേ എന്ന് വരരുത്. എനിക്ക് ചെയ്യുക തന്നെ വേണം. ഏതെങ്കിലും പെരുമാറ്റം അല്ലെങ്കിൽ സംസാരം താങ്കൾക്ക് ആവശ്യമില്ലാത്തത് ആണെങ്കിൽ, നല്ലതായി തോന്നുന്നില്ലെങ്കിൽ അതെടുക്കുകയേ വേണ്ട. മോശമായത് എടുക്കുമോ? മനസ്സിൽ ധാരണ ചെയ്യുക അർത്ഥം എടുക്കുക. തല വരെ പോലും എടുക്കരുത്. തലയിൽ കാര്യം വന്നു, അതും പാടില്ല. മോശമായത് ആണെങ്കിൽ നല്ലതല്ലായെങ്കിൽ തലയിലും മനസ്സിലും എടുക്കുകയേ അരുത് അതായത് ധാരണ ചെയ്യരുത്. എടുക്കുന്നതിന് പകരം ശുഭഭാവന ശുഭകാമന ദാതാവായി നൽകൂ. എടുക്കരുത്; കാരണം ഇപ്പോഴത്തെ സമയമനുസരിച്ച് തലയും മനസ്സും കാലിയല്ലായെങ്കിൽ നിരന്തരം സേവാധാരിയാകാൻ സാധിക്കില്ല. മനസ്സും തലയും ഏതെങ്കിലും കാര്യത്തിൽ ബിസിയാണെങ്കിൽ എന്ത് സേവനം ചെയ്യാൻ സാധിക്കും? പിന്നെ ലൗകികത്തിൽ ചിലർ എട്ട് മണിക്കൂർ, ചിലർ പത്ത് മണിക്കൂർ ജോലി ചെയ്യുന്നത് പോലെ ഇവിടെയും അങ്ങനെയായി തീരും. എട്ട് മണിക്കൂർ സേവാധാരി, ആറു മണിക്കൂർ സേവാധാരി. നിരന്തര സേവാധാരി ആകാൻ സാധിക്കില്ല. മനസ്സാ സേവനമായാലും, വാചാ സേവനമായാലും കർമ്മം അതായത് സംബന്ധ-സമ്പർക്കം കൊണ്ടായാലും. ഓരോ സെക്കന്റും ദാതാവ് അർത്ഥം സേവാധാരി. തല കാലിയായി വെയ്ക്കുന്നതിലൂടെ ബാബയുടെ സേവനത്തിൽ പങ്കാളിയാകാൻ സാധിക്കും. ഹൃദയം ശുദ്ധമാക്കി വയ്ക്കുന്നതിലൂടെ നിരന്തരം ബാബയുടെ സേവനത്തിൽ പങ്കാളിയാകാൻ സാധിക്കും. താങ്കൾ എല്ലാവരുടെയും പ്രതിജ്ഞ എന്താണ്? കൂടെയിരിക്കും, കൂടെ പോകും. പ്രതിജ്ഞയല്ലേ? അതോ അങ്ങ് മുന്നിൽ പൊയ്ക്കോളൂ ഞങ്ങൾ പിന്നാലെ വരാം എന്നാണോ? അല്ലല്ലോ? കൂടെയുളളതിന്റെ പ്രതിജ്ഞയല്ലെ? ബാബ സേവനമില്ലാതെയിരിക്കുമോ? ഓർമ്മയില്ലതെയും കഴിയില്ല. എത്ര ബാബ ഓർമ്മയിലിരിക്കുന്നോ അത്രയും താങ്കൾ പരിശ്രമത്തിലിരിക്കുന്നു. ചെയ്യുന്നുണ്ട് പക്ഷെ പരിശ്രമിച്ച്, ശ്രദ്ധയോടെ. ബാബയ്ക്കാണെങ്കിൽ ഉള്ളതെന്താണ്? പരമാത്മാവിനുള്ളത് ആത്മാക്കളാണ്. നമ്പർക്രമത്തിൽ തന്നെയാണ്. കുട്ടികളുടെ ഓർമ്മയില്ലാതെ ബാബയ്ക്കിരിക്കാൻ സാധിക്കില്ല. ബാബയ്ക്ക് കുട്ടികളുടെ ഓർമ്മയില്ലാതെ സാധിക്കുമോ? താങ്കൾക്ക് പറ്റുമോ? ചിലപ്പോൾ കുസൃതിക്കാരാകുന്നു.

അപ്പോൾ എന്ത് കേട്ടൂ? സമയത്തിന്റെ വിളിയാണ് - ദാതാവ് ആകൂ. വളരെ ആവശ്യമുണ്ട്. മുഴുവൻ വിശ്വത്തിലെയും ആത്മാക്കളുടെ വിളിയാണ് - അല്ലയോ നമ്മുടെ ഇഷ്ട ദേവരെ ..... ഇഷ്ടരല്ലേ! ഏതെങ്കിലും രൂപത്തിൽ സർവ്വാത്മക്കളുടെയും ഇഷ്ടരാണ്. ഇപ്പൊൾ എല്ലാ ആത്മാക്കളുടെയും വിളിയാണ് - അല്ലയോ ഇഷ്ട ദേവാ ദേവികളെ, പരിവർത്തനം ചെയ്യൂ. ഈ വിളി കേൾവിയിൽ വരുന്നോ? പാണ്ഡവർക്ക് കേൾക്കാൻ പറ്റുന്നോ? കേട്ടിട്ട് എന്താണ് ചെയ്യുന്നത്? കേൾക്കാൻ പറ്റുന്നുയെങ്കിൽ സാൽവേഷൻ നൽകുമോ അതോ ചിന്തിക്കുമോ അതെ ചെയ്യണമെന്ന്? കേൾക്കാൻ പറ്റുന്നുവോ? സമയത്തിന്റെ വിളിയെ ക്കുറിച്ച് സംസാരിക്കുന്നു, എന്നാൽ ആത്മാക്കളുടെ വിളി കേൾക്കുന്നത് മാത്രമേയുള്ളോ? അപ്പോൾ ഇഷ്ട ദേവിദേവതകൾ തന്റെ ദാതാ സ്ഥിതി യുടെ രൂപം ഇമർജ് ചെയ്യൂ. നൽകണം. ഒരാത്മാവും വഞ്ചിതരാകരുത്. ഇല്ലായെങ്കിൽ പരാതികളുടെ മാല വരും. പരാതികൾ പറയില്ലേ! പരാതികളുടെ മാല ധരിക്കുന്ന ഇഷ്ടരാണോ അതോ പുഷ്പങ്ങളുടെ മാല ധരിക്കുന്ന ഇഷ്ടരാണോ? ഏതിഷ്ടരാണ്? പൂജ്യരല്ലേ? ഒരിക്കലും ഇങ്ങനെ ചിന്തിക്കരുത് നമ്മൾ പിന്നാലെ വന്നവരാണ് എന്ന്. മുതിർന്നവരാണ് ദാതാവാകുന്നത് നമ്മൾ എവിടെ ആകാനാണ്. എന്നാൽ അല്ല, എല്ലാവരും ദാതാവാകണം.

ആദ്യ തവണ മധുബനിൽ വരുന്നവർ കൈ പോക്കൂ. ആദ്യ തവണ വന്നിട്ടുള്ളവർ ദാതാവാകാൻ സാധിക്കുമോ അതോ രണ്ടാമത്തെ മൂന്നാമത്തെ വർഷം ദാതാവാകുമോ? ആദ്യ വർഷക്കാർക്ക് ദാതാവാകാൻ സാധിക്കുമോ? (ഉവ്വ്) വളരെ നല്ല മിടുക്കരാണ്. ബാപ്ദാദ ധൈര്യം കണ്ട് സദാ സന്തോഷിക്കുന്നു. ഒരു മാസക്കാരാണെങ്കിലും ഒരു വർഷക്കരാണെങ്കിലും ആറു മാസമായവരാണെങ്കിലും ബാപ്ദാദയ്ക്കറിയാം ഒരു വർഷക്കാരാണെങ്കിലും ഒരു മാസക്കാരാണെങ്കിലും സ്വയം തന്നെ ബ്രഹ്മാകുമാർ ബ്രഹ്മാകുമാരി എന്നല്ലേ പറയുന്നത്! ബ്രഹ്മാകുമാർ ബ്രഹ്മാകുമാരി അർത്ഥം ബ്രഹ്മാബാബയുടെ സമ്പത്തിനധികാരിയായി. ബ്രഹ്മാവിനെ അച്ഛനെന്ന് അംഗീകരിച്ചു അപ്പോഴല്ലേ കുമാർ കുമാരിയായത്? ബ്രഹ്മാകുമാർ ബ്രഹ്മാകുമാരി, ബ്രഹ്മാ ബാബയുടെയും ശിവ പിതാവിന്റെയും സമ്പത്തിനധികാരി ആയില്ലേ! അതോ ഒരു മാസക്കാർക്ക് സമ്പത്ത് ലഭിക്കില്ല എന്നാണോ? ഒരു മാസക്കാർക്ക് സമ്പത്ത് ലഭിക്കുമോ? സമ്പത്ത് ലഭിച്ചുവെങ്കിൽ ദാതാവാകുമല്ലോ! എന്ത് ലഭിച്ചുവോ അത് നൽകാൻ തുടങ്ങുക തന്നെ വേണം.

പിതാവെന്ന് മനസ്സിലാക്കി കണക്ഷൻ യോജിപ്പിച്ചുവെങ്കിൽ ഒരു ദിവസം കൊണ്ടും സമ്പത്തെടുക്കാം. പക്ഷേ ഇങ്ങനെയല്ലാ നല്ലതാണ്, ഏതോ ഒരു ശക്തിയുണ്ട്, മനസ്സിലാകുന്നുണ്ട് ... ഇങ്ങനെയല്ല. സമ്പത്തിനധികാരി ആകുന്നത് കുട്ടികളാണ്. മനസ്സിലാക്കുന്നവർ, നോക്കിക്കാണുന്നവർ അല്ല. ഒരു ദിവസമെങ്കിലും ഹൃദയം കൊണ്ട് അച്ഛനെന്ന് അംഗീകരിച്ചു എങ്കിൽ സമ്പത്തിനധികാരിയാകാൻ സാധിക്കും. താങ്കളെല്ലാവരും അധികാരികളല്ലേ? താങ്കളെല്ലാവരും ബ്രഹ്മാകുമാർ ബ്രഹ്മാകുമാരികളല്ലെ അതോ ആയിക്കൊണ്ടിരിക്കുകയാണോ? ആയിക്കഴിഞ്ഞോ അതോ ആകുന്നതിന് വന്നിരിക്കുകയാണോ? ആർക്കെങ്കിലും താങ്കളെ മാറ്റാൻ സാധിക്കുമോ? ബ്രഹ്മാകുമാർ ബ്രഹ്മാകുമാരിയ്ക്കു പകരം വെറും കുമാർ-കുമാരി ആകൂ, സാധിക്കില്ലേ? ബ്രഹ്മാകുമാരും കുമാരിയും ആകുന്നതിന് ലാഭം എത്രയാണ്? ഒരു ജന്മത്തിന്റെയും ലാഭമല്ല, അനേകം ജന്മങ്ങളുടെ ലാഭം. പുരുഷാർത്ഥം പകുതി ജന്മം, കാൽ ജന്മമാണ് എന്നാൽ പ്രലബ്ധം അനേക ജന്മങ്ങളിലേക്കാണ്. ലാഭമോ ലഭമല്ലെ!

ബാപ്ദാദ സമയമനുസരിച്ച് പ്രത്യേകിച്ച് ഒരു കാര്യം ശ്രദ്ധയിൽ പെടുത്തുന്നു കാരണം ബാപ്ദാദ കുട്ടികളുടെ റിസൾട്ട് കണ്ട് കൊണ്ടിരിക്കുന്നല്ലോ! റിസൾട്ടിൽ കണ്ടു ധൈര്യം വളരെ നല്ലതാണ്. ലക്ഷ്യവും വളരെ നല്ലതാണ്. ലക്ഷ്യമനുസരിച്ച് ഇപ്പൊൾ വരെയും ലക്ഷ്യത്തിലും ലക്ഷണത്തിലും വ്യത്യാസമുണ്ട്. ലക്ഷ്യം എല്ലാവരുടെയും നമ്പർവൺ ആണ്, ആരോടെങ്കിലും ബാപ്ദാദ ചോദിക്കുകയാണ് താങ്കളുടെ ലക്ഷ്യം 21 ജന്മത്തെ രാജ്യഭാഗ്യം എടുക്കാനാണ്, സൂര്യവംശി ആകണോ അതോ ചന്ദ്രവംശിയോ? എല്ലാവരും ഏതിൽ കൈപൊക്കും? സൂര്യവംശിയിലല്ലേ! ആരെങ്കിലും ചന്ദ്രവംശിയാകാൻ ആഗ്രഹിക്കുന്നോ? ആരുമില്ല. (ഒരാൾ കൈയുയർത്തി) ശരി തന്നെ, ഇല്ലെങ്കിൽ ആ സീറ്റ് കാലിയായി പോകും. ലക്ഷ്യം എല്ലാവരുടെയും വളരെ നല്ലതാണ്, ലക്ഷ്യം ലക്ഷണം ഇവയുടെ സമാനത - അതിൽ ശ്രദ്ധ കൊടുക്കേണ്ടത് അത്യാവശ്യമാണ്. അതിന്റെ കാരണമെന്താണ്? ഇന്ന് കേൾപ്പിച്ചില്ലെ, ഇടക്കിടെ ലേവത (എടുക്കുന്നവർ) ആകുന്നു. ഇങ്ങനെ വേണം, ഇങ്ങനെ ചെയ്യണം, ഇവർ സഹായിക്കണം, ഇവർ മാറിയാൽ ഞാൻ മാറാം. ഈ കാര്യം ശരിയായാൽ ഞാൻ ഓക്കെയാണ്. ഇത് എടുക്കുന്നവർ ആകുകയാണ്. ദാതാസ്ഥിതിയല്ല. ആരെങ്കിലും തരുകയാണോ അല്ലയോ ബാബ എല്ലാം തന്നിട്ടുണ്ട്. എന്താ ബാബ ചിലർക്ക് അല്പം നൽകി, ചിലർക്ക് കൂടുതൽ നൽകിയോ? ഒരേ കോഴ്സ് അല്ലേ! അറുപത് വർഷമായവരാകട്ടെ, ഒരു മാസക്കാരകട്ടെ, കോഴ്സ് ഒന്ന് തന്നെയാണ് അതോ അറുപത് വയസ്സുള്ളവർക്ക് കോഴ്സ് വേറെ ഒരു മാസക്കാർക്കു വേറെയാണോ? അവരും അതേ കോഴ്സാണ് ചെയ്തത് ഇപ്പോഴും അതേ കോഴ്സാണ്. അതേ ജ്ഞാനം, അതേ സ്നേഹം, അതേ സർവ്വ ശക്തികളാണ്. എല്ലാം ഒരു പോലെയാണ്. ചിലർക്ക് 16 ശക്തികൾ, ചിലർക്ക് 8 ശക്തികൾ അല്ല. എല്ലാവർക്കും ഒരേ പോലത്തെ സമ്പത്താണ്. ബാബ എല്ലാവരെയും നിറച്ചിരിക്കുകയാണ് അങ്ങനെ നിറഞ്ഞിരിക്കുന്ന ആത്മാവ് ദാതാവാകുന്നു, എടുക്കുന്നവരല്ല. എനിക്ക് നൽകണം. ആരു തരുകയോ തരാതിരിക്കയോ, എടുക്കുന്നതിന് ആഗ്രഹമില്ല, നൽകുന്നതിന് ആഗ്രഹിക്കുന്നവരാണ്. എത്ര നൽകുമോ ദാതാവാകുമോ അത്രയും സമ്പത്ത് വർദ്ധിച്ചു വരും. ഉദാഹരണത്തിന് ആർക്കെങ്കിലും താങ്കൾ സ്വമാനം നൽകി, മറ്റുള്ളവർക്ക് നൽകുക അർത്ഥം സ്വയം തന്റെ സ്വമാനം വർദ്ധിപ്പിക്കുക. നൽകുന്നത് അല്ലാ എന്നാൽ നൽകുക അർത്ഥം എടുക്കുകയാണ്. എടുക്കാതെ നൽകുകയാണ് എങ്കിൽ എടുക്കുകയാണ്. മനസ്സിലായോ - സമയത്തിന്റെ വിളി എന്തെന്ന്? ദാതാവാകൂ. ഒരു വാക്ക് ഓർത്തു വെയ്ക്കൂ. എന്തെങ്കിലുമുണ്ടായാൽ 'ദാതാവ്' എന്ന വാക്ക് സദാ ഓർമ്മ വയ്ക്കൂ. ഇച്ഛാ മാത്രം അവിദ്യ. സൂക്ഷ്മ എടുക്കാനുള്ള ഇച്ഛയുമരുത്, സ്ഥൂലവുമരുത്. ദാതാവിന്റെ അർത്ഥം തന്നെ ഇച്ഛാ മാത്രം അവിദ്യയാണ്. സമ്പന്നം. ഒരപ്രാപ്തിയും അനുഭവപ്പെടില്ല, എടുക്കുന്നതിനുള്ള അഗ്രഹമുണ്ടാകാൻ. സർവ്വ പ്രാപ്തി സമ്പന്നം. അപ്പോൾ ലക്ഷ്യമെന്താണ്? സമ്പന്നമാകുന്നതിനല്ലേ? അതോ എത്ര ലഭിച്ചുവോ അത്രയും മതിയോ? സമ്പന്നമാകുന്നതാണ് സമ്പൂർണ്ണമാകുന്നത്.

ഇന്ന് വിദേശികൾക്ക് പ്രത്യേക ചാൻസ് ലഭിച്ചിരിക്കുകയാണ്. നല്ലതാണ്. ആദ്യ ചാൻസ് വിദേശികൾ എടുത്തിരിക്കുകയാണ്, ഓമനകളല്ലേ. എല്ലാവരോടും വരണ്ടെന്ന് പറഞ്ഞു വിദേശികൾക്ക് ക്ഷണം നൽകിയിരിക്കുന്നു. ബാപ്ദാദയ്ക്ക് എല്ലാ കുട്ടികളും ഓർമ്മയുണ്ട് എന്നാലും ഡബിൾ വിദേശികളെ കണ്ട്, അവരുടെ ധൈര്യത്തെ കണ്ട് വളരെ സന്തോഷം ഉണ്ടാകുന്നു. ഇപ്പോഴധികം ചഞ്ചലതയിൽ വരുന്നില്ല. ഇപ്പൊൾ വ്യത്യാസം വന്നിരിക്കുകയാണ്. തുടക്കത്തിലെ ചോദ്യമുണ്ടായിരുന്നില്ലെ - ഇന്ത്യൻ സംസ്കാരമാണോ ഫോറിൻ സംസ്കാരമാണോ എന്ന്. ഇപ്പൊൾ മനസ്സിലായി. ഇപ്പൊൾ ബ്രാഹ്മണ സംസ്കാരത്തിൽ വന്നിരിക്കുന്നു. ഇന്ത്യൻ കൾചറുമല്ല, ഫോറിൻ കൾച്ചറുമല്ല, ബ്രാഹ്മണ കൾച്ചറിൽ വന്നിരിക്കുന്നു. ഇന്ത്യൻ കൾച്ചർ അല്പം ഉരസൽ ഉണ്ടാക്കുന്നു എന്നാൽ ബ്രാഹ്മണ കൾച്ചർ സഹജമല്ലേ. ബ്രാഹ്മണ കൾച്ചർ തന്നെ സ്വമാനത്തിലിരിക്കുക സ്വരാജ്യാധികാരി ആകുക എന്നതാണ്. ഇതാണ് ബ്രാഹ്മണ കൾച്ചർ. ഇത് ഇഷ്ടമല്ലേ? ഇപ്പൊൾ ചോദ്യമൊന്നുമില്ലല്ലോ, ഇന്ത്യൻ കൾച്ചർ എങ്ങനെ കൊണ്ടുവരും,

ബുദ്ധിമുട്ടാണോ? എളുപ്പമായില്ലേ. അവിടെ പോയി പിന്നെ പറയരുത് അല്പം ബുദ്ധിമുട്ടാണ് എന്ന്. അവിടെപ്പോയി ഇങ്ങനെ എഴുതരുത്, സഹജമെന്നൊക്കെ പറഞ്ഞു എന്നാൽ ഇത് അൽപം ബുദ്ധിമുട്ടാണ്. സഹജമാണോ അതോ അല്പാല്പം ബുദ്ധിമുട്ടാണോ? അല്പം പോലും ബുദ്ധിമുട്ടില്ല. വളരെ സഹജമാണ്. ഇപ്പൊൾ മുഴുവൻ കളിയും പൂർണ്ണമായി അതുകൊണ്ട് ചിരി വരുന്നു. ഇപ്പൊൾ നല്ല ഉറച്ചവരായി. കുട്ടിക്കളി സമാപ്തമായി. അനുഭവി ആയിരിക്കുന്നു, ബാപ്ദാദയും നോക്കുന്നു എത്ര പഴയവരും ഉറച്ചവരുമായി മാറുന്നോ അപ്പോൾ പുതിയതായി വരുന്നവരും ഉറച്ചവരായി മാറുന്നു. നല്ലതാണ് പരസ്പരം ഓരോരുത്തരെ മുന്നോട്ട് നയിക്കുന്നു. പരിശ്രമം നന്നായി ചെയ്യുന്നുണ്ട്. ഇപ്പൊൾ ദാദിമാരുടെ അടുക്കൽ കഥകളും കൊണ്ട് പോകാറില്ലല്ലോ. കഥകളും പുരാണങ്ങളും ദാദിമാരുടെ അടുക്കൽ കൊണ്ട് പോകുന്നുണ്ടോ? കുറഞ്ഞിട്ടുണ്ടോ! വ്യത്യാസമില്ലേ? (ദാദി ജാനകിയോട്) താങ്കൾക്കിപ്പൊൾ അസുഖമില്ലല്ലോ? കഥാപുരാണങ്ങളിൽ അസുഖപ്പെടുന്നു, അത് എന്തായാലും തീർന്നു. നല്ലതാണ്, എല്ലാറ്റിലും നല്ലതിലും വെച്ച് നല്ല വിശേഷ ഗുണം – ഹൃദയത്തിന്റെ ശുദ്ധി നല്ലതാണ്. ഉള്ളിൽ വെക്കുന്നില്ല, പുറത്ത് കളയുന്നു. എന്തുണ്ടായോ സത്യം പറയും. ഇങ്ങനെയല്ല അങ്ങനെ. അങ്ങനിങ്ങനെ അല്ല, എന്ത് കാര്യമാണോ അത് പറയുന്നു, ഈ വിശേഷത നല്ലതാണ്. ഇതിനാൽ ബാബ പറയുന്നു സത്യവും ശുദ്ധവുമായ ഹൃദയത്തിൽ ബാബ സംപ്രീതനാകുന്നു. ഉവ്വെങ്കിൽ ഉവ്വ്, ഇല്ലെങ്കിൽ ഇല്ലാ, നോക്കാം.... എന്നല്ല. നിർബന്ധം മൂലം നടക്കുന്നില്ല. നടക്കുന്നെങ്കിൽ പൂർണ്ണമായും, ഇല്ലെങ്കിൽ ഇല്ലാ. ശരി.

ഏതു കുട്ടികൾ സ്നേഹസ്മരണകൾ അയച്ചുവോ, ബാപ്ദാദ എല്ലാ കുട്ടികൾക്കും ആരെല്ലാമാണോ കത്തുകളിലൂടെ, അല്ലെങ്കിൽ ആരിലൂടെയെങ്കിലും സ്നേഹസ്മരണ അയച്ചത് ബാപ്ദാദ അതെല്ലാം സ്വീകരിച്ചു. ബാപ്ദാദ റിട്ടർണായി എല്ലാ കുട്ടികൾക്കും ദാതാവിന്റെ വരദാനം നൽകുകയാണ്. ശരി! ഒരു സെക്കൻഡിൽ പറക്കാൻ സാധിക്കുമോ? ചിറക് പവർഫുൾ ആണോ? ബാബ എന്ന് പറഞ്ഞു പറന്നു. (ഡ്രിൽ)

നാനാ വശത്തുമുള്ള സർവ്വ ശ്രേഷ്ഠ ബാബയ്ക്ക് സമാനം ദാതാ സ്ഥിതിയുടെ ഭാവന വെയ്ക്കുന്ന ശ്രേഷ്ഠാത്മാക്കൾക്ക്, നിരന്തരം ഓർമ്മയിലും സേവനത്തിലും തത്പരാരായിയിരിക്കുന്ന, പരമാത്മ സേവനത്തിന്റെ പങ്കാളി കുട്ടികൾക്ക്, സദാ ലക്ഷ്യത്തെയും ലക്ഷണത്തെയും സമാനമാക്കുന്ന, സദാ ബാബയുടെ സ്നേഹിയും സമാനവും, സമീപവും ആകുന്ന ബാപ്ദാദയുടെ കണ്ണുകളുടെ നക്ഷത്രമായ, സദാ വിശ്വ മംഗളത്തിന്റെ ഭാവനയിൽ ഇരിക്കുന്ന ദയാഹൃദയരും, മാസ്റ്റർ ക്ഷമയുടെ സാഗരവുമായ കുട്ടികൾക്ക്, ദൂരെയിരിക്കുന്ന, മധുബനിൽ താഴെയിരിക്കുന്ന, ബാപ്ദാദയുടെ മുന്നിലിരിക്കുന്ന സർവ്വ കുട്ടികൾക്കും സ്നേഹസ്മരണയും നമസ്തേയും.

## വരദാനം :- ഹൃദയത്തിൽ ഒരു ഹൃദയേശ്വരനെ ഉൾക്കൊള്ളിച്ച് ഒന്നുമായി സർവ്വ സംബന്ധങ്ങളുടെ അനുഭൂതി ചെയ്യിക്കുന്ന സന്തുഷ്ട ആത്മാവായി ഭവിക്കട്ടെ

ജ്ഞാനത്തെ ഉൾക്കൊള്ളാനുള്ള സ്ഥാനം തലയാണ് എന്നാൽ പ്രിയതമന് മുന്നിലത്തേ സ്ഥാനമായ ഹൃദയമാണ്. ചില പ്രിയതമകൾ കൂടുതൽ തല ഉപയോഗിക്കുന്നു എന്നാൽ ബാപ്ദാദ സത്യമായ ഹൃദയമുള്ളവരോട് സംപ്രീതനാണ് ഇതിനാൽ ഹൃദയാനുഭവം ഹൃദയത്തിനറിയാം, ഹൃദയേശ്വരനുമറിയാം. ആരു ഹൃദയം കൊണ്ട് സേവനം ചെയ്യുന്നുവോ ഓർമ്മിക്കുന്നുവോ അവർക്ക് പരിശ്രമം കുറവും സന്തുഷ്ടത കൂടുതലും കിട്ടുന്നു. ഹൃദയാലുക്കൾ സദാ സന്തുഷ്ടതയുടെ ഗീതം പാടുന്നു. അവർക്ക് സമയമനുസരിച്ച് ഒന്നിൽ നിന്നും സർവ്വ സംബന്ധങ്ങളുടെയും അനുഭൂതിയുണ്ടാകുന്നു.

## സ്ലോഗൻ:- അമൃതവേള പ്ലെയിൻ ബുദ്ധിയായിരിക്കൂ എങ്കിൽ സേവനത്തിന്റെ പുതിയ പുതിയ പ്ലാനുകൾ ടച്ച് ആകും.